# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
### ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :2019 ഒക്ടോബർ 30 ബുധൻ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Web:www.prd.kerala.gov.in.Email.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സെക്രട്ടേറിയറ്റ് മന്ദിരം 150 -ാം വാർഷികം: വിദ്യാർത്ഥികൾക്ക് ചിത്രരചനാ മത്സരം

ഗവ. സെക്രട്ടേറിയറ്റിന്റെ 150-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി നവംബർ മൂന്നിന് ചിത്രരചനാ മത്സരം (ജലച്ചായം) സംഘടിപ്പിക്കുന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗവ. സെക്രട്ടേറിയറ്റ് അങ്കണത്തിലാണ് മത്സരം. എൽപി, യുപി വിഭാഗം വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ രാവിലെ 9.30 ന് ആരംഭിക്കും. പതിനൊന്ന് മണി മുതലാണ് മത്സരം. ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഉച്ച 12 മുതൽ നടക്കും. മത്സരം ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കും. ചിത്രം വരയ്ക്കുന്നതിനുള്ള പേപ്പർ വിദ്യാർത്ഥികൾക്ക് നൽകും. വരയ്ക്കാനുള്ള മറ്റു സാമഗ്രികൾ കൊണ്ടുവരണം. മത്സരാർത്ഥികൾ തിരിച്ചറിയൽ കാർഡ് കൊണ്ടുവരണം. വിജയികൾക്ക് സർട്ടിഫിക്കറ്റും ഫലകവും സമ്മാനമായി നൽകും. കൂടുതൽ വിവരങ്ങൾക്ക്: 9946105965, 9447607360.

## ഭാസുര: അഖില കേരള ചിത്രരചനോത്സവം 14 ന്

ശിശുദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാരായ മാനസിക വെല്ലുവിളി നേരിടുന്ന വർക്കായി സൗജന്യ അഖില കേരള ചിത്രരചനോത്സവം 'ഭാസുര' സംഘടിപ്പിക്കുന്നു. അഡാപ്റ്റ് സൊസൈറ്റി, കേരള ലളിത കലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി. ചിത്രരചനോത്സവം നവംബർ 14 രാവിലെ 9.45 ന് കേരള സാഹിത്യ അക്കാദമിയിൽ ഭിന്നശേഷി പ്രതിഭ നൂർ ജലീല ഉദ്ഘാടനം ചെയ്യും. കേരള ലളിത കലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ്, കേരള സാഹിത്യ അക്കാദ മി പ്രസിഡണ്ട് വൈശാഖൻ, കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ കെപിഎസി ലളി ത, കേരള ലളിത കലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി കെ പി മോഹനൻ, കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എൻ രാധാകൃഷ്ണൻ നായർ, അംഹ സെക്രട്ടറി ഡോ. പി ഭാനുമതി തുടങ്ങിയവർ പങ്കെടുക്കും. രജിസ്ട്രേഷൻ രാവിലെ 9.30 ന് ആരംഭിക്കും.

## ജില്ലാ വോളിബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് (ഒക്ടോബർ 31) മുതൽ കൊടുങ്ങല്ലൂരിൽ

നാൽപ്പത്തിയേഴാമത് ജില്ലാ വോളിബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് (ഒക്ടോബർ 31) മുതൽ രണ്ട് ദിവസങ്ങളിലായി കൊടുങ്ങല്ലൂരിൽ നടക്കും. ജില്ലാ വോളിബോൾ അസോസിയേഷനും എൽതുരുത്ത് വോളിബോൾ അസോസിയേഷനും സംയുക്തമായാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. എൽതുരുത്ത് ശ്രീകുമാര സുബ്രഹ്മണ്യ ക്ഷേത്ര മൈതാനിയിൽ രാവിലെ ഒൻപതിന് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ സാംബശിവൻ ഉദ്ഘാടനം ചെയ്യും. ജില്ലാ വോളിബോൾ അസോസിയേഷൻ പ്രസിഡന്റ് തോമസ് കാളിയങ്കര അധ്യക്ഷത

വഹിക്കും. പ്രൊഫ. കെ കെ രവി മുഖ്യാതിഥിയാകും. നവംബർ ഒന്നിന് വൈകീട്ട് മൂന്നിന് നടക്കുന്ന സമാപന സമ്മേളനത്തിൽ കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ.ആർ. ജൈത്രൻ സമ്മാനദാനം നിർവ്വഹിക്കും. വാർഡ് കൗൺസിലർമാർ, വിവിധ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പ്

ഫിഷറീസ് വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കുമായി സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും നടത്തുന്നു. മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണമാണ് ഇതിന്റെ ലക്ഷ്യം. നവംബർ രണ്ടിന് രാവിലെ 8.30 മുതൽ ഉച്ച രണ്ടു മണി വരെയാണ് ക്യാമ്പ് നടത്തുക. പെരിഞ്ഞനം എസ്എൻ സ്മാരക യുപി സ്കൂളിൽ നടക്കുന്ന ക്യാമ്പ് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്യും. പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡണ്ട് കെ കെ സച്ചിത്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ കെ അബീദലി മുഖ്യാതിഥിയാകും. ക്യാമ്പിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ വി സുഗന്ധകുമാരി അറിയിച്ചു.

## തൊഴിലുറപ്പ് പദ്ധതി മേറ്റ്മാർക്കുള്ള പരിശീലനം നടത്തി

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും കിലയും ചേർന്നുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മേറ്റ്മാർക്കുള്ള പരിശീലനം ആരംഭിച്ചു. ബ്ലോക്കിന് കീഴിലുള്ള ആറുപഞ്ചായത്തുകളിലെയും എഡിഎസിന്റെ ഭാരവാഹികൾക്കാണ് പരിശീലനം നൽകുന്നത്. ഒക്ടോബർ 24 ന് ആരംഭിച്ച പരിശീലനപരിപാടി നവംബർ നാലിന് അവസാനിക്കും. ആറു പഞ്ചായത്തിലും കൂടെ 972 പേർക്കാണ് പരിശീലനം നൽകുന്നത്. പരിശീലന പരിപാടി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.തങ്കമ്മ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എം.പത്മകുമാർ അധ്യക്ഷനായി. സ്റ്റാന്റിംഗ് കമ്മിറ്റി അംഗം സുമിത്ര, മെമ്പർമാരായ നിർമല,കുർഷിദ്, കില കോർഡിനേറ്റർ എൻ.കുമാരൻ എന്നിവർ പങ്കെടുത്തു. ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർമാരായ ഹുസൈൻ, സജി എന്നിവർ ക്ലാസ്സ് എടുത്തു.

## ഡോക്ടർ ഒഴിവ്

ഇഎസ്ഐ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസ് ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, രജിസ്ട്രേഷൻ, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം നവംബർ 13 രാവിലെ 11 ന് എറണാകുളം നോർത്ത് ഇഎസ്ഐ ആശുപത്രിക്ക് സമീപത്തുള്ള പോൾ അബ്രോ റോഡിലെ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് മധ്യ മേഖല റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0484 2391018.

## റവന്യൂ ജില്ലാ കലോത്സവം ഗുരുവായൂരിൽ

റവന്യു ജില്ലാ കലോത്സവം നവംബർ 12, 13, 14, 15 തിയ്യതികളിലായി ഗുരുവായൂരിൽ നടത്താൻ സംഘാടക സമിതി യോഗം തീരുമാനിച്ചു. ശ്രീകൃഷ്ണ ഹൈസ്കൂൾ, എൽഎഫ് മമ്മിയൂർ, ഗവ. എച്ച്എസ്എസ് ചാവക്കാട്, എയുപിഎസ്, ജിയുപിഎസ് ഗുരുവായൂർ, ടൗൺ ഹാൾ എന്നീ വേദികളിലായാണ് കലോത്സവം അരങ്ങേറുക. സംഘാടക സമിതി യോഗം കെ വി അബ്ദുൾ ഖാദർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സൺ വി എസ് രേവതി ടീച്ചർ അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ വൈസ് ചെയർമാൻ കെ പി വിനോദ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശൈലജ ദേവൻ, എം രതി ടീച്ചർ, കവി

രാധാകൃഷ്ണൻ കാക്കശ്ശേരി, സർക്കിൾ ഇൻസ്പെക്ടർ പ്രേമാനന്ദ് കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## സ്നേഹിത അറ്റ് സ്കൂൾ പദ്ധതിയ്ക്ക് തുടക്കം

തൃശൂർ ജില്ലാ പഞ്ചായത്ത് ഹൈസ്കൂൾ തലത്തിലെ പെൺകുട്ടികൾക്കായി നടപ്പിലാക്കുന്ന കൗൺസിലിംഗ് പദ്ധതിയായ സ്നേഹിത അറ്റ്സ്കൂൾ പദ്ധതിയ്ക്ക് അഴീക്കോട് സീതി സാഹിബ് മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമിട്ടു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് പദ്ധതി ഉദ്ഘാടനം ചെയ്തു. ഒക്ടോബർ മുതൽ ഫെബ്രുവരി വരെ 20 ആഴ്ചകളിലായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വ്യക്തിഗത കൗൺസലിങ്, ഗ്രൂപ്പ് കൗൺസലിങ്, മാതാപിതാക്കൾക്കും അധ്യാപകർക്കും പരിശീലനം എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ മുഖ്യാതിഥിയായിരുന്നു. കുടുംബശ്രീ കൗൺസിലർ ലിക്ഷ പദ്ധതി വിശദീകരിച്ചു. പിടിഎ പ്രസിഡണ്ട് ഇ വി വേണു അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ് കൈതവളപ്പിൽ, സീതി സാഹിബ് മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറി ഇക്ബാൽ, ഗ്രാമപഞ്ചായത്തംഗം വിൽസി ബൈജു, കുടുംബശ്രീ ചെയർപേഴ്സൺ വിനീത ഉണ്ണികൃഷ്ണൻ, സ്ക്കൂൾ പ്രധാനധ്യാപിക കെ എസ് മധു, മാതൃ സംഗമം പ്രസിഡണ്ട് ഫെബിൻ അഷറഫ്, ശിഹാബുദ്ദീൻ, ഷഹന എ സലാം, എം എ ഫൗസിയ എന്നിവർ പങ്കെടുത്തു.

## കോട്ടപ്പുറം മാർക്കറ്റിലെ അനധികൃത നിർമ്മാണം പൊളിച്ചു നീക്കി

കൊടുങ്ങല്ലൂർ കോട്ടപ്പുറം മാർക്കറ്റിൽ സ്വകാര്യ വ്യക്തികൾ നടത്തിയ അനധികൃത കോൺക്രീറ്റ് നിർമ്മാണം നഗരസഭ ചെയർമാൻ കെ ആർ ജൈത്രന്റ അടിയന്തിര നിർദ്ദേശത്തെ തുടർന്ന് ഒറ്റ ദിവസം കൊണ്ട് പൊളിച്ചു മാറ്റി. മാർക്കറ്റിലെ അനധികൃത നിർമ്മാണം മൂന്ന് ദിവസത്തിനകം പൊളിച്ചുനീക്കണമെന്ന് കഴിഞ്ഞ ദിവസം ചേർന്ന കൗൺസിൽ യോഗത്തിൽ ചെയർമാൻ നിർദേശിച്ചിരുന്നു. നിലവിൽ അനുമതിയില്ലാത്തതും നേരത്തെയുള്ള ധാരണകൾക്ക് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ളതുമായ കോൺക്രീറ്റ് പില്ലറുകളും ഫൗണ്ടേഷനും മേൽക്കൂരയിടാനുള്ള ഇരുമ്പ് ഫ്രെയിമുകളും പൊളിച്ചു നീക്കുന്നതിന് എഞ്ചിനീയറെയും ചുമതലപ്പെടുത്തുകയും ചെയ്തു.

മാർക്കറ്റിൽ വർഷങ്ങളായി താൽക്കാലിക ഷെഡുകൾ നിർമ്മിച്ച് പല സ്വകാര്യ വ്യക്തികളും കച്ചവടം ചെയ്തിരുന്നു. നഗരസഭയ്ക്ക് വാടക നൽകാതെയാണ് അനധികൃത നിർമ്മാണം നടത്തി ഇവർ കച്ചവടം ചെയ്തിരുന്നത്. മാത്രമല്ല മാർക്കറ്റിലേയ്ക്കുള്ള റോഡിലും മാർഗതടസ്സമുണ്ടാക്കിയാണ് കച്ചവടം. ചന്തയിൽ വരുന്നവർക്ക് നടക്കുവാൻ പോലും കഴിയാത്ത വിധത്തിൽ പല വ്യക്തികളും റോഡും മാർക്കറ്റും കയ്യേറി നടത്തുന്ന കച്ചവടവും ഷെഡുകളും ഈയിടെ നഗരസഭ ചെയർമാൻ ഇടപെട്ട് പൊളിച്ചുമാറ്റിയിരുന്നു. വർഷങ്ങളായി കച്ചവടം ചെയ്തിരുന്ന മൂന്ന് പേർക്ക്, പൊളിച്ച് മാറ്റിയ ഷെഡിന്റെ സ്ഥാനത്ത് നഗരസഭ പൈപ്പും ഷീറ്റും ഉപയോഗിച്ച് താൽക്കാലിക ഷെഡ് നിർമ്മിച്ചു കൊടുക്കാമെന്ന് കൗൺസിലിലെ കക്ഷി നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ധാരണയുണ്ടാക്കിയിരുന്നു. തുടർന്ന് നഗരസഭ പ്രവൃത്തി ചെയ്യുന്നതിന് പകരം, കച്ചവടക്കാർ അവരുടെ ചെലവിൽ ഷെഡ് നിർമ്മിക്കാമെന്നും ചെലവ് വരുന്ന തുക വാടകയിൽ ക്രമപ്പെടുത്താനും തീരുമാനിച്ചു. എന്നാൽ വ്യവസ്ഥകൾക്ക് വിപരീതമായാണ് കോൺക്രീറ്റ് പില്ലറുകളും കോൺക്രീറ്റ് അടിത്തറയും നിർമ്മിച്ച് മുസിരിസ് പൈതൃകരീതിക്ക് വിരുദ്ധമായി അനധികൃതമായ നിർമ്മാണം നടത്തിയത്. ഇത് വ്യാപകമായ പ്രതിഷേധത്തിനിടയാക്കി. തുടർന്ന് പണി നിർത്തിവെപ്പിച്ച്, ഒരു ദിവസം കൊണ്ട് തന്നെ എല്ലാ നിർമ്മാണവും പൂർണ്ണമായും പൊളിച്ച് നീക്കി. കോട്ടപ്പുറം ചന്തയെ മുസിരിസ് മാതൃകയിൽ സംരക്ഷിക്കുകയും അനധികൃതമായി നടത്തുന്ന നിർമ്മാണങ്ങളും കച്ചവടങ്ങളും ഒഴിവാക്കി ജനോപകാരപ്രദമായി നിലനിർത്തുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് തീരുമാനം.

**തുടരും**